## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **T 48** **10.03.2015** ൽ മറുപടിയ്ക്ക്

### ഖനന ചട്ടങ്ങളും പരിസ്ഥിതി ആഘാതവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ.അജിത്**<br>" **ഇ.ചന്ദ്രശേഖരൻ**<br>" **പി.തിലോത്തമൻ**<br>" **കെ.രാജു** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | പരിസ്ഥിതിക്ക് എന്തു മാറ്റമുണ്ടാകും എന്നറിയാനുള്ള പഠനം നടത്തിയ ശേഷമേ പാറയും മണ്ണും മറ്റു ചെറുകിട ധാതുക്കളും ഖനനം ചെയ്യാവൂ എന്ന സുപ്രീം കോടതിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2015 ജനവരി 9 -ന മുമ്പ് ഖനനാനുമതി നേടിയവരുടെയും പുതുക്കുന്നവരുടെയും കാര്യത്തിൽ പഠനം നടത്തേണ്ടതില്ലെന്ന് കേരളത്തിന്റെ പുതിയ ഖനന ചട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | 2015 ജനവരി 9 -ന മുമ്പ് ഖനന പെർമിറ്റ് നേടിയവർക്ക് പ്രസ്തുത പെർമിറ്റ് പുതുക്കുന്ന കാര്യത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതില്ലെന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവർക്ക് മൈനിംഗ് പ്ലാൻ സമർപ്പിക്കാൻ 01.04.2016 വരെ സാവകാശവും നൽകിയിട്ടുണ്ട്. |
| (സി) | ഖനന ചട്ടത്തിലെ ഈ പുതിയ നിർദ്ദേശങ്ങൾ മൂലം പരിസ്ഥിതി പഠനം നടത്താതെയുള്ള ഖനനം ഉണ്ടാക്കുന്ന പരിസ്ഥിതി ആഘാതങ്ങളെ എങ്ങനെ നേരിടുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 2 പ്രകാരം 09/01/2015 ൽ സാധുവായ ഖനന പെർമിറ്റുകൾ പുതുക്കി നൽകുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടില്ല. എന്നാൽ ഈ ക്വാറികൾ എല്ലാം തന്നെ 01.04.2016 ന് മുമ്പ് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്ന വിശദമായ ഒരു മൈനിംഗ് പ്ലാൻ അംഗീകരിച്ച് സമർപ്പിക്കണം എന്നും ആ പ്ലാൻ അംഗീകരിച്ചിരിക്കുന്ന പ്രകാരം ക്വാറിയിംഗ് നടത്തണം എന്നും |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അദ്ധ്യായം VI ൽ 53 മുതൽ 77 വരെയുള്ള ചട്ടങ്ങളിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്ന കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ അനുമതി കൂടി ഉണ്ടെങ്കിൽ മാത്രമെ ഖനനാനുമതി നൽകുകയുള്ളൂ. സംസ്ഥാനത്തെ പരിസ്ഥിതി ലോല പ്രദേശങ്ങൾ ഉൾപ്പെട്ട 123 വില്ലേജുകളിൽ പുതിയ ഖനനാനുമതികൾ നൽകുകയില്ല. |

**സെക്ഷൻ ഓഫീസർ**

5-4-8

## വിശദീകരണകുറിപ്പ്

2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 2 പ്രകാരം 09/01/2015 ൽ സാധുവായ ക്വാറിയിംഗ് പെർമിറ്റുകൾ പുതുക്കി നൽകുന്നതിന് എൻവയോൺമെന്റൽ ക്ലിയറൻസ് നിർബന്ധമാക്കിയിട്ടില്ല.

എന്നാൽ ഈ ക്വാറികൾ എല്ലാം തന്നെ 01.04.2016 ന് മുമ്പ് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്ന വിശദമായ ഒരു മൈനിങ് പ്ലാൻ അംഗീകരിച്ച് സമർപ്പിക്കണം എന്നും ആ പ്ലാൻ അംഗീകരിച്ചിരിക്കുന്ന പ്രകാരം ക്വാറിയിംഗ് നടത്തണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അദ്ധ്യായം VI ൽ 53 മുതൽ 77 വരെയുള്ള ചട്ടങ്ങൾ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്ന കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കേരളത്തിൽ ഏകദേശം 2500 കരിങ്കൽ ക്വാറികൾ ഉണ്ട്. ഇവയെല്ലാം പുതിയ പ്ലാൻ തയ്യാറാക്കുന്നതിനും അംഗീകാരം തേടുന്നതിനും സമയം എടുക്കുന്നതിനാലും പരിസ്ഥിതി ക്ലിയറൻസ് നൽകേണ്ട SEIAA നിലവിലില്ലാത്തതിനാലുമാണ് ഒരു വർഷത്തെ സാവകാശം അനുവദിച്ചിട്ടുള്ളത്. ഈ കാലയളവിൽ വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചു പോകുന്നത് ഒഴിവാക്കാനാണ് ഇളവ് അനുവദിച്ചിട്ടുള്ളത്.